തണ്ണീർമുക്കം ബോട്ടുജട്ടിക്കുള്ള വെയിറ്റിംഗ് റൂം.

24. MR. KRISHNAN AYYAPPAN (*Shertallai III—General*): താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

തണ്ണീർമുക്കം ബോട്ടുജട്ടിക്കു സമീപം ബോട്ടുയാത്രക്കാക്കു വിശ്രമിക്കുന്നതിനു ഒരു വെയിറ്റിംഗ് റൂം ഉണ്ടാക്കേണ്ടതിന്റെ അത്യാവശ്യകത നിവേദനങ്ങളും വഴിക്കും മറ്റു വിധത്തിലും ഗവണ്മെന്റു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അതുണ്ടാക്കുന്നതിനു എന്തു നടപടികളും നടത്തിയിട്ടുണ്ടെന്നും പ്രസ്താവിക്കുന്നതിനു മനസ്സുണ്ടാകുമോ?

HON'BLE MR. A. ATCHUTHAN : ഇപ്പോൾ ആലോചനയില്ല.

MR. KRISHNAN AYYAPPAN : ഈ വഴി പോകുന്ന ബോട്ടുകൾ തണ്ണീർമുക്കത്തു് അടുത്തു് ആളുകളെ കയറ്റുകയും ഇറക്കുകയും ചെയ്യുന്നു എന്ന വിവരം ഗവണ്മെൻറിനറിയാമോ?

HON'BLE MR.A. ATCHUTHAN : അറിയാം.

MR. KRISHNAN AYYAPPAN : അവിടെ ഒരു വെയിറ്റിംഗ് റൂം ഇല്ലാത്തതുകൊണ്ടു് ആളുകൾ കഷ്ടപ്പെടുന്നു എന്ന വിവരം ഗവണ്മെൻറിനറിയാമോ?

HON'BLE MR. A. ATCHUTHAN : അറിഞ്ഞുകൂടാ.

Food Grains.

25. MR. PAUL A. THALIATH (*Parur III—General*): Will the Honourable Minister for Food be pleased to state:

(*a*) whether any demurrage has been paid for not taking delivery of food grains at the proper time; and

(*b*) if the answer to (*a*) is in the affirmative, the total amount so given in the months of March, April and May respectively?

HON'BLE MR. K. M. KORAH : (*a*) Yes.

(*b*) No charges have been incurred during March, April and May 1948.

MR. PAUL A. THALIATH: ഡെമറേജ് ഉണ്ടായിട്ടുണ്ട് എന്നു പറഞ്ഞല്ലോ. എത്ര കൊടുത്തിട്ടുണ്ടെന്നു പറയാൻ മനസ്സുണ്ടാകുമോ?

HON'BLE MR. K. M. KORAH : എത്ര കാലത്തേയ്ക്കാണെന്നു ചോദിച്ചാൽ പറയാം.

LIBRARY ARCHIVES Kerala Legislative Assembly